# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1908** | 07.12.2015-ലെ മറുപടിയ്ക്ക് |
|---|---|

## നികുതിയിളവ്

| | ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം മേഖലകളിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?<br>നികുതിയിളവ് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും വിശദമാക്കാമോ ? | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി, ലക്ഷ്വറി ടാക്സ്, മോട്ടോർ വാഹന നികുതി, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## വാറ്റ്, ആഡംബര നികുതി , കെ.ജി.എസ്.റ്റി എന്നിവയിൽ നൽകിയ നികുതി ഇളവുകൾ

## 2011-12

സെൻട്രൽ പോലീസ് ക്യാന്റീൻ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന നികുതി നിരക്കിന്റെ പകുതി നിരക്ക് എന്ന ആനുകൂല്യം നൽകിയിട്ടുണ്ട്.

- കേരള ആഡംബര നികുതി നിയമത്തിൻ കീഴിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന ഹൗസ് ബോട്ടുകൾക്ക്, അവർ ഹൗസ് ബോട്ടിൽ വിതരണം ചെയ്യുന്ന പാകം ചെയ്ത ഭക്ഷണ പാനീയങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
- വളങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, നൈലോൺ - പോളിയസ്റ്റർ റോപ്പുകൾ, ചെങ്കല്ലുകൾ, പാൽകറക്കുന്ന യന്ത്രം, തെങ്ങു കയറ്റ യന്ത്രങ്ങൾ, ബോൺമീൽ, ഓർഗാനിക് മീൽ, ലെതർ മീൽ, ആരാധനാലയങ്ങളുടെ കോമ്പൗണ്ടിനുള്ളിൽ ആരാധനാവശ്യങ്ങൾക്കായി ഭക്തജനങ്ങൾക്കു വിൽക്കുന്ന സാധനങ്ങൾ എന്നിവയെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി നികുതി വിമുക്തമാക്കിയിട്ടുണ്ട്. മാനുഫാക്ച്ചേർഡ് സാൻഡ്, മണ്ണ്, ജിപ്സം എന്നിവയുടെ നിരക്ക് 5% ആയി കുറച്ചിട്ടുണ്ട്.

## 2012-13

- ഇൻട്രാഓക്കുലർ ലെൻസ്, തുണി ബാഗുകൾ, തേൻ, തേനീച്ചപ്പെട്ടി അനുബന്ധ ഉപകരണങ്ങൾ, ഹാർട്ട് വാൽവ്, കാർഡിയാക്ക് സ്റ്റെന്റ്, പുളിങ്കുരുപൊടി, എന്നിവയെ നികുതി വിമുക്തമാക്കി
- മുളക്, മല്ലി, ഭക്ഷ്യ എണ്ണ, പയർവർഗ്ഗങ്ങൾ ധാന്യപ്പൊടികൾ, മൈദ, സൂചി, ഗോതമ്പ് പൊടി എന്നിവയുടെ നിരക്ക് 4% നിന്നും 1% ആയി കുറച്ചു.
- ഡ്രഗ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവ്വേദ ഉൽപ്പന്നങ്ങൾ, തൊട്ടിൽ, ഇലക്ട്രോണിക്ക് ടോയിലറ്റുകൾ, പാക്ക് ചെയ്ത കരിക്കിൻ വെള്ളം, ചുക്കു കാപ്പിപ്പൊടി, ഏത്തക്ക വറ്റൽ, മരച്ചീനിവറ്റൽ, ചക്ക വറ്റൽ എന്നിവയുടെ നികുതി നിരക്ക് 12.5% നിന്നും 5% ആയി കുറച്ചു.
- വാറ്റ് നികുതിയുടെ മേൽ ചുമത്തിയിരുന്ന 1% സാമൂഹിക സുരക്ഷാ സെസ്സ് ഒഴിവാക്കി
- സെൻട്രൽ പോലീസ് ക്യാന്റീനിനോട് അഫീലിയറ്റ് ചെയ്തിട്ടുള്ള കേരള പോലീസിന്റെ സബ്സിഡിയറി ക്യാന്റീനുകൾ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകാവുന്ന നികുതി നിരക്കിന്റെ പകുതി നികുതി നിരക്ക് എന്ന ആനുകൂല്യം നൽകിയിട്ടുണ്ട്.

## 2013-14

- അരി, തീരമൈത്രി യൂണിറ്റുകൾ നിർമ്മിച്ച് അവരുടെ ബ്രാൻഡ് പേരിൽ വിൽക്കുന്ന ഉത്പന്നങ്ങൾ എന്നിവയെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഐസ്, സൗരോർജ്ജ ഉപകരണങ്ങൾ സ്പെയർ പാർട്ടുകൾ എന്നിവയുടെ നികുതി നിരക്ക് 1% ആയി കുറച്ചു.
- മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ, വാട്ടർബെഡ്ഡുകൾ, ലെഡ് ഓക്സൈഡ്, ഗാർഹികാവശ്യത്തിനുള്ള ഗ്ലൗസുകൾ, അഗ്രോ-ഷെയിഡ് നെറ്റുകൾ, എഡിബിൾ സോയാചങ്ക്സ് എന്നിവയുടെ നികുതി നിരക്ക് 5% ആയി കുറച്ചു.
- ക്ഷീര വിതരണ സഹകരണ സംഘങ്ങൾ നടത്തുന്ന ക്യാന്റീനുകളിൽ വിൽക്കുന്ന ഭക്ഷണപാനീയങ്ങളെ 1.04.2011 മുതൽ നികുതി വിമുക്തമാക്കി
- അംഗീകൃത ലേല കേന്ദ്രത്തിലൂടെയുള്ള ഏലത്തിന്റെ നികുതി ആ പോയിന്റിൽ മാത്രം 2 ശതമാനമായി കുറച്ചു.
- കമ്പനി ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ ഒഴികെ ഉള്ളവരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കി.
- ഐക്യരാഷ്ട്ര സംഘടനയെയും മറ്റു സമാന അന്താരാഷ്ട്ര സംഘടനകളെയും ആഡംബര നികുതിയിൽ നിന്നുമൊഴിവാക്കി. 500 രൂപവരെയുള്ള പാദരക്ഷകളുടെ നികുതി 5 ശതമാനമാക്കി.

## 2014-15

- മൈദ, സൂചി, ഗോതമ്പ് പൊടി, ഗോതമ്പ്, തവിടെണ്ണ, എന്നിവയെ നികുതി വിമുക്തമാക്കി
- FCI അംഗീകൃത റേഷൻ മൊത്ത കച്ചവട വ്യാപാരികൾക്ക് വിറ്റ അരിയെ 1.04.2005 മുതൽ നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഉഴുന്ന് പൊടി, വെളിച്ചെണ്ണ ഉപയോഗിച്ച് ഉണ്ടാക്കുന്ന വാഷിംഗ് സോപ്പ്, ബാർ / കേക്ക് എന്നിവയുടെ നിരക്ക് 1% ആക്കി കുറച്ചു.
- ബ്രാന്റഡ്, അൺബ്രാന്റഡ് വ്യത്യാസമില്ലാതെ കേക്കുകൾ, ഹൽവ, മിക്സ്ചർ, ലഡ്ഡു, ജിലേബി, എന്നിവയുടെ നികുതി 5% ആക്കി.
- റബ്ബർ സ്പ്രേ ഓയിലിന്റെ നിരക്ക് 5% ആയി കുറച്ചു.
- എൽ.പി.ജി സിലിണ്ടറുകൾക്ക് DBTL സംവിധാനം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സബ്സിഡി തുകയിന്മേലുള്ള നികുതി ഒഴിവാക്കി.
- ഓഫ് സീസണായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഹോട്ടലുകളുടെ ആഡംബര നികുതി നിരക്ക് 5% ആയി കുറച്ചു.

- വിനോദസഞ്ചാര വകുപ്പ് അംഗീകരിക്കുന്ന ശിൽപശാലകൾക്കും കൺവെൻഷനുകൾക്കും 20000 രൂപയ്ക്കു മുകളിൽ വാടകയുള്ള ആഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും ഉപയോഗിക്കുമ്പോൾ അവയുടെ ആഡംബര നികുതി 20% നിന്നും 10% ആയി കുറച്ചിട്ടുണ്ട്.
- ആദായ നികുതി നിയമപ്രകാരമുള്ള നികുതി ഒഴിവിനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി ചാരിറ്റബിൾ ആശുപത്രികൾക്ക് അവർ തങ്ങളുടെ രോഗികൾക്ക് വിൽക്കുന്ന കോമ്പൗണ്ടഡ് നികുതി ഒടുക്കിയ മരുന്നുകൾ, ലബോറട്ടറി സ്റ്റോർ ഐറ്റങ്ങൾ, കൺസ്യൂമബിൾ എന്നിവയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഡ്രഗ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 13.11.2009 മുതൽ 31.03.2012 വരെ 5 ശതമാനമായി നിജപ്പെടുത്തി.
- സോയാചങ്സിന്റെ നികുതി നിരക്ക് 1.04.2005 മുതൽ 5 ശതമാനമായി നിജപ്പെടുത്തി.

## 2015-16 ൽ നൽകിയ ഇളവുകൾ

- ദ്രവീകൃത പ്രകൃതി വാതകത്തെ ഒരു വർഷത്തേയ്ക്ക് മൂല്യ വർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കി.
- റബ്ബർ തടി, ഉപയോഗിച്ച പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് റീ സൈക്കിൾ ചെയ്യുന്നതിനുള്ള പ്ലാന്റ് എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കി.
- പ്ലാസ്റ്റിക് റീ സൈക്കിൾ ചെയ്ത് ഉല്പാദിപ്പിക്കുന്ന പൈറോളിസിസ് ഓയിലിനെ, അത് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ നടത്തുന്ന വില്പനയ്ക്ക് നികുതി ഒഴിവാക്കി.
- രാജ്യത്തിന്റെ പ്രതിരോധ ആവശ്യങ്ങൾക്കു വേണ്ടി നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ നികുതി നിരക്ക് 5% ആയി കുറച്ചു.
- ഗ്ലാസ്സ്, ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന ഫാബ്രിക്കേറ്റഡ് വാൾ പാനലുകളെ നികുതി വിമുക്തമാക്കി.
- തേൻ, തേനീച്ചപ്പെട്ടി, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് നൽകിയിട്ടുണ്ടായിരുന്ന നികുതി ഇളവിന് 01.04.2005 മുതൽ മുൻകാല പ്രാബല്യം നൽകി.

- കേരളാ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അംഗീകരിച്ച ഉല്പാദനയൂണിറ്റുകൾ മുഖേന വില്ക്കുന്ന ഖാദി ഉല്പന്നങ്ങൾക്ക് ബാധകമായ നികുതി ഇളവ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അംഗീകരിച്ച യൂണിറ്റുകൾക്കും കൂടി ബാധകമാക്കി.
- ലെഡ് ഓക്സൈഡിന് നൽകിയിട്ടുണ്ടായിരുന്ന നികുതി ഇളവിന് 01.04.2005 മുതൽ മുൻകാല പ്രാബല്യം നൽകി.

## മോട്ടോർ വാഹന നികുതിയിൽ നൽകിയ ഇളവ്

മോട്ടോർ വാഹന വകുപ്പിൽ നിന്നും 31-12-2014-ൽ അഞ്ചോ അതിലധികമോ വർഷത്തെ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് നികുതി ഇളവ് നൽകി, അവസാനത്തെ അഞ്ച് വർഷ നികുതിയുടെ 20% ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 30% സ്വകാര്യ വാഹനങ്ങൾക്കും അടയ്ക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ഈ ഇളവ് നൽകിയിരിക്കുന്നത് സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 91/2014 തീയതി 29.12.2014 പ്രകാരമാണ്.

## ലാന്റ് റവന്യൂ നികുതി ഇനങ്ങളിലെ ബിൽഡിംഗ് ടാക്സ്, പ്ലാന്റേഷൻ ടാക്സ് എന്നിവയിൽ നൽകിയ ഇളവുകൾ

കേരളാ കെട്ടിട നികുതി നിയമം 1975 വകുപ്പ് 3(1) (ബി) പ്രകാരം കെട്ടിട നികുതിയിൽ നിന്നും ഇളവനുവദിക്കുന്നതിനുള്ള കെട്ടിടങ്ങളിൽ കന്നുകാലി - പന്നി - കോഴി ഫാമുകളുടെ പ്രവർത്തനത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെക്കൂടി ഉൾപ്പെടുത്തി 2014 ലെ ധനകാര്യ ബിൽ പ്രകാരം ഉത്തരവായിട്ടുണ്ട്.
(നോട്ടിഫിക്കേഷൻ നം. 2500/Leg.A2/2014/LAW തീയതി: 23/07/2014)

കേരളാ പ്ലാന്റേഷൻ ടാക്സ് നിയമം 1960 – ൽ മേലുള്ള 30/09/2014 തീയതിയിലെ 20245/Leg.B2/2014/LAW നമ്പർ അമന്റ്മെന്റ് നോട്ടിഫിക്കേഷൻ (നമ്പർ 2397) പ്രകാരം 2 ഹെക്ടറോ അതിൽ താഴെയോ അളവിലുള്ള ഭൂമിയിൽപ്പെടുന്ന പ്ലാന്റേഷനുകളെ തോട്ട നികുതിയിൽ നിന്നും ഒഴിവാക്കികൊണ്ട് ഇളവ് അനുവദിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിലെ ലാന്റ് റവന്യൂ നികുതിയിനത്തിൽ ഉൾപ്പെടുന്ന ബിൽഡിംഗ് ടാക്സ് ഇനത്തിൽ മേൽ പരാമർശിച്ചിട്ടുള്ള നികുതി ഇളവ് പുനർനിർണ്ണയിച്ചിട്ടുള്ളത് ധനകാര്യ ബിൽ പ്രകാരമുള്ള 23.07.2014 തീയതിയിലെ 2500/Leg.A2/2014/LAW നമ്പർ ഉത്തരവ് അനുസരിച്ചാണ്

തോട്ടനികുതി ഇനത്തിൽ മേൽ പരാമർശിച്ചിട്ടുള്ള നികുതി ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളത് 30.09.2014 ലെ 20245/Leg.B2/2014/LAW നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമാണ്.

## രജിസ്ട്രേഷൻ ഡ്യൂട്ടിയിൽ നൽകിയ നികുതി ഇളവുകൾ

ഫിനാൻസ് ആക്ട് 2011 പ്രകാരം 1959 ലെ കേരള മുദ്ര പത്ര നിയമത്തിൽ ഭേദഗതി വരുത്തി കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് പരമാവധി 1000/- രൂപ മുദ്ര വില ഈടാക്കിയാൽ മതിയാകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തു.

*8.10.2014 ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ പരിധി 1000/- രൂപ എന്നത് പിൻവലിച്ച് ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000/-രൂപ എന്നത് ഒഴിവാക്കി 1% എന്നും, ദാനം, ധനനിശ്ചയം എന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000/-രൂപ എന്നത് ഒഴിവാക്കി 2% എന്നും ഉത്തരവായെങ്കിലും 1.1.2015ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ പ്രസ്തുത ആശ്വാസ നടപടി പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്.*

2. 2012 ലെ ബഡ്ജറ്റ് പ്രകാരം, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000/- രൂപ, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് 2% എന്നതിനു വിധേയമായി പരമാവധി 1000/-രൂപ എന്ന ഇളവ് 2012 ലെ ഫിനാൻസ് ആക്റ്റിലൂടെ അമ്മൂമ്മയ്ക്കും അപ്പൂപ്പനും കൂടി ബാധകമാക്കുകയുണ്ടായി. കൂടാതെ മക്കളുടെ നിയമാനുസൃത അവകാശികളുടെ പേർക്കുള്ള ഒഴിമുറികൾക്കും ടി ഇളവ് ബാധകമാക്കി.

കൂടാതെ, 16.7.2012 ലെ GO(P)126/2012/TD, GO(P)127/2012/TD നമ്പർ ഉത്തരവുകൾ പ്രകാരം KSHB/ GCDA എന്നിവയുടെ ആധാരങ്ങളെ Fair Value പ്രകാരമുള്ള വർദ്ധിച്ച മുദ്ര / ഫീസിൽ നിന്നും ഒഴിവാക്കി.

3. 2013 ലെ ബഡ്ജറ്റ് പ്രകാരം, 22.4.2013 ലെ 77/2013/TD നമ്പർ ഉത്തരവു മുഖേന KSHB യുടെ Land & Flats കളുടെ രജിസ്ട്രേഷന് 50% മുദ്രയിളവ് നൽകി. 2013 ലെ ഫിനാൻസ് ആക്റ്റ് മുഖേന 1.4.2013 മുതൽ തീറാധാരങ്ങളുടെ മുദ്ര നിരക്കിൽ 2% കുറവു വരുത്തി പഞ്ചായത്ത്,

മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 5%, 6%, 7% എന്ന നിരക്കുകളാക്കി.

2014 ലെ ഫിനാൻസ് ആക്ടിലൂടെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ടി നിരക്കുകൾ ഏകീകരിച്ച് 6% ആക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി തീറാധാരങ്ങളുടെ നിരക്കിൽ മുദ്ര ചുമത്തുന്ന Agreement(Art.5C), Exchange(Art.29), Gift(Art.31(ii), Lease(Art.33), Mortgage(Art.37(a), Power of attorney(Art.56), Trust(Art.57), Revocation of Trust(Art.57B) ഇവയ്ക്കും ബാധകമാണ്.

4. വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക- വിദ്യാഭ്യാസവായ്പകൾക്ക് 5% സ്റ്റാമ്പ് ഡ്യൂട്ടിയായിരുന്നു നിലവിലുണ്ടായിരുന്നത്. 2014 ലെ ബഡ്ജറ്റ് പ്രകാരം, അത് പൂർണ്ണമായും ഇളവു നൽകിക്കൊണ്ട് 2014 ലെ ഫിനാൻസ് ബില്ലിൽ കേരളാ സ്റ്റാമ്പ് ആക്റ്റ് ഭേദഗതി വരുത്തിയിട്ടുണ്ട്. അതുപോലെ വാണിജ്യ ബാങ്കുകളുടെ പേർക്ക് മറ്റു ലോണുകൾ ലഭിയ്ക്കുന്നതിന് എഴുതിക്കൊടുക്കുന്ന പണയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ ലോൺതുകയുടെ 5% ആയിരുന്നത് പരമാവധി 25000/- രൂപ എന്ന പരിധിക്കു വിധേയമായി ലോൺതുകയുടെ 0.5 ശതമാനമായി കുറച്ചുകൊണ്ട് 2014 ലെ ഫിനാൻസ് ബില്ലിൽ ഇളവു നൽകിയിട്ടുണ്ട്.

5. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പേർക്ക് വസ്തു വാങ്ങുന്നതിനുള്ള തീറാധാരങ്ങളുടെ മുദ്രയും രജിസ്ട്രേഷൻ ഫീസും യഥാക്രമം 31.5.2014 ലെ GO(P) No.77/2014/TD , GO(P) No. 78/2014/TD നമ്പർ ഉത്തരവുകൾ മുഖേന ഒഴിവാക്കിയിട്ടുണ്ട്.

6. 2015 ലെ ബഡ്ജറ്റ് പ്രകാരം, പഞ്ചായത്ത് പ്രദേശങ്ങളിൽ ATM മെഷീൻ സ്ഥാപിക്കുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി 2500/- ൽ നിന്നും 1250/- ആയി കുറച്ചു കൊണ്ട് 2015 ലെ ഫിനാൻസ് ബില്ലിൽ ഇളവു നൽകിയിട്ടുണ്ട്. ടി ബില്ലിൽ കരാർ പത്രങ്ങൾക്കുള്ള മുദ്രവില 500/- എന്ന് വർദ്ധിപ്പിച്ചത് 29.07.2015 ലെ **No.5959/Leg.A2/15/Law** നമ്പർ നോട്ടിഫിക്കേഷൻ മുഖേന 2015 ലെ ഫിനാൻസ് ആക്ട് പ്രകാരം 200/- രൂപയായി കുറച്ചിട്ടുണ്ട്.

(ബി)

| നടപ്പിലാക്കിയ നികുതി ഇളവുകൾ | ബഡ്ജറ്റ് | ഉത്തരവ് |
|---|---|---|
| 1959 ലെ കേരള മുദ്ര പത്ര നിയമത്തിൽ ഭേദഗതി വരുത്തി കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് പരമാവധി 1000/- രൂപ മുദ്ര വില ഈടാക്കുക എന്ന ഭേദഗതി ചെയ്തു | 2011 – ബജറ്റിലെ നിർദ്ദേശം | ഫിനാൻസ് ബിൽ, 2011 പ്രകാരം ഉത്തരവായി |
| കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000/- രൂപ, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് 2% എന്നതിനു വിധേയമായി പരമാവധി 1000/-രൂപ എന്ന ഇളവ് അമ്മൂമ്മയ്ക്കും അപ്പൂപ്പനും കൂടി ബാധകമാക്കുകയുണ്ടായി. കൂടാതെ മക്കളുടെ നിയമാനുസൃത അവകാശികളുടെ പേർക്കുള്ള ഒഴിമുറികൾക്കും ടി ഇളവ് ബാധകമാക്കി. | 2012 – ബജറ്റിലെ നിർദ്ദേശം | 2012 ലെ ഫിനാൻസ് ആക്റ്റിലൂടെ നടപ്പിലായി |
| KSHB യുടെ Land & Flats കളുടെ രജിസ്ട്രേഷന് 50% മുദ്രയിളവ് നൽകി.<br><br>1.4.2013 മുതൽ തീറാധാരങ്ങളുടെ മുദ്ര നിരക്കിൽ 2% കുറവു വരുത്തി പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 5%, 6%, 7% എന്ന നിരക്കുകളാക്കി. | 2013 – ബജറ്റിലെ നിർദ്ദേശം | 22.4.2013 ലെ 77/2013/TD നമ്പർ ഉത്തരവു മുഖേന പ്രാബല്യത്തിൽ വന്നു.<br><br>2013 ലെ ഫിനാൻസ് ആക്റ്റ് മുഖേന നടപ്പിലായി |
| തീറാധാരങ്ങളുടെ മുദ്ര നിരക്കിൽപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ടി നിരക്കുകൾ ഏകീകരിച്ച് 6% ആക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി തീറാധാരങ്ങളുടെ നിരക്കിൽ മുദ്ര ചുമത്തുന്ന Agreement(Art.5C), Exchange(Art.29), Gift(Art.31(ii), | 2014 – ബജറ്റിലെ നിർദ്ദേശം | 2014 ലെ ഫിനാൻസ് ബില്ലിലൂടെ നടപ്പിലായി |

| | | |
|---|---|---|
| Lease(Art.33), Mortgage(Art.37(a), Power of attorney(Art.56), Trust(Art.57), Revocation of Trust(Art.57B) ഇവയ്ക്കും ബാധകമാണ്.<br><br>വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക- വിദ്യാഭ്യാസ- വായ്പകൾക്ക് നിലവിലുണ്ടായിരുന്ന 5% സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായും ഇളവു ചെയ്ത് കേരളാ സ്റ്റാമ്പ് ആക്റ്റ് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, വാണിജ്യ ബാങ്കുകളുടെ പേർക്ക് മറ്റു ലോണുകൾ ലഭിയ്ക്കുന്നതിന് എഴുതിക്കൊടുക്കുന്ന പണയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ ലോൺതുകയുടെ 5% ആയിരുന്നത് പരമാവധി 25000/- രൂപ എന്ന പരിധിക്കു വിധേയമായി ലോൺതുകയുടെ 0.5 ശതമാനമായി കുറച്ചുകൊണ്ട് ഇളവു നൽകിയിട്ടുണ്ട്. | | |
| പഞ്ചായത്ത് പ്രദേശങ്ങളിൽ ATM മെഷീൻ സ്ഥാപിക്കുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി 2500/- ൽ നിന്നും 250/- ആയി കുറച്ചു കൊണ്ട് ഇളവു നൽകിയിട്ടുണ്ട്. | 2015 – ബജറ്റിലെ നിർദ്ദേശം | 2015 ലെ ഫിനാൻസ് ബിൽ മുഖേന നടപ്പിലായി |
| SHB/ GCDA എന്നിവയുടെ ആധാരങ്ങളെ Fair Value പ്രകാരമുള്ള വർദ്ധിച്ച മുദ്ര / ഫീസിൽ നിന്നും ഒഴിവാക്കി. | | 16.7.2012 ലെ GO(P)126/2012/TD, GO(P)127/2012/TD നമ്പർ ഉത്തരവുകൾ പ്രകാരം പ്രാബല്യത്തിൽ വന്നു. |
| ...രഹിത പട്ടികവർഗ്ഗ ...ുടുംബങ്ങളുടെ പേർക്ക് വസ്തു ...ാങ്ങുന്നതിനുള്ള ...ീറാധാരങ്ങളുടെ മുദ്രയും ...ജിസ്ട്രേഷൻ ഫീസും ...ിവാക്കിയിട്ടുണ്ട്. | | യഥാക്രമം 31.5.2014 ലെ GO(P) No.77/2014/TD , GO(P) No. 78/2014/TD നമ്പർ ഉത്തരവുകൾ മുഖേന നടപ്പിൽ വന്നു. |
| ...ടുംബാധാരങ്ങളുടെ സ്റ്റാമ്പ് ...ട്ടിയുടെ പരിധി 1000/- രൂപ ...നത് പിൻവലിച്ച് ഭാഗപത്രം, ...മുറി എന്നീ ആധാരങ്ങളുടെ ...മ്പ് ഡ്യൂട്ടി പരമാവധി 1000/- | | 8.10.2014 ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ പ്രാബല്യത്തിൽ വന്നു. |

| | | |
|---|---|---|
| ൂപ എന്നത് ഒഴിവാക്കി 1% ന്നും, ദാനം, ധനനിശ്ചയം ന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി രമാവധി 1000/-രൂപ എന്നത് ഴിവാക്കി 2% എന്നും ത്തരവായി.<br><br>പിന്നീട് കുടുംബാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ പരിധി 1000/- രൂപ എന്നത് പുന:സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. | | 1.2015ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ പുന:സ്ഥാപിക്കപ്പെട്ടു |
| കരാർ പത്രങ്ങൾക്കുള്ള മുദ്രവില 500/- എന്ന് വർദ്ധിപ്പിച്ചുത്തരവായി.<br><br>കരാർ പത്രങ്ങൾക്കുള്ള മുദ്രവില 200/- രൂപയായി കുറച്ചു. | | 2015 ലെ ഫിനാൻസ് ബിൽ പ്രകാരം നടപ്പിൽ വന്നു.<br><br>2015 ലെ ഫിനാൻസ് ആക്ട് പ്രകാരം 29.07.2015 ലെ No.5959/Leg.A2/15/Law നമ്പർ നോട്ടിഫിക്കേഷൻ മുഖേന പ്രാബല്യത്തിൽ വന്നു |

SO